# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3306 — 18/02/2013-ൽ മറുപടിക്ക്

## ചരിത്ര സ്മാരകങ്ങളും പുരാതന ക്ഷേത്രങ്ങളും കാവുകളും മസ്ജിദുകളും സംരക്ഷിക്കുന്നതിന് പദ്ധതി.

ചോദ്യം
ശ്രീ. കെ. ദാസൻ.

ഉത്തരം
ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചരിത്രസ്മാരകങ്ങളും പുരാതനക്ഷേത്രങ്ങളും കാവുകളും മസ്ജിദുകളും സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | പുരാവസ്തു വകുപ്പിൻ കീഴിൽ സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ള 160 - ഓളം പൈതൃക നിർമ്മിതികളുണ്ട്. അവയിൽ പുരാതന ദേവാലയങ്ങൾ, കൊട്ടാരങ്ങൾ, എന്നിവ ഉൾപ്പെടുന്നു. ഓരോ വർഷവുമുള്ള പ്ലാൻ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇവ സംരക്ഷിക്കാനുള്ള നടപടികൾ നടത്തി വരുന്നു. എന്നാൽ കാവുകൾ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും പുരാവസ്തുവകുപ്പിൽ നിലവിലില്ല. എന്നാൽ ഏതുതരം പൈതൃക നിർമ്മിതികളുടെയും സംരക്ഷണപ്പണികൾ നടത്തുവാൻ വേണ്ട നടപടികൾ പുരാവസ്തുവകുപ്പ് ഏറ്റെടുത്ത് നടത്താറുണ്ട്. തിരുവനന്തപുരം ജില്ലയിലെ മടവൂർപാറ ഹെറിറ്റേജ് സൈറ്റിൽ കുട്ടികളുടെ പാർക്ക്, നടപ്പാത ഇവയുടെ നിർമ്മാണം നടത്തുകയുണ്ടായി. തിരുവനന്തപുരം കോട്ടമതിലുകളുടെ അടിയന്തിര സംരക്ഷണപ്പണികൾ നടത്തുകയുണ്ടായി. ത്രിവിക്രമംഗലം മഹാവിഷ്ണുക്ഷേത്രത്തിലെ സംരക്ഷണപ്പണികൾ, ബാല്യശ്ശേരി കോട്ട, പരദേവതാക്ഷേത്രത്തിലെ ചുമർ ചിത്രങ്ങൾ സംരക്ഷിക്കുകയുണ്ടായി. എറണാകുളം ജില്ലയിലെ പിറവം പാഴൂർ ശിവക്ഷേത്രം, ഊരമന നരസിംഹസ്വാമി ക്ഷേത്രം, |

| | | | |
|---|---|---|---|
| | | | പുണ്ഡരീകപുരം ക്ഷേത്രം തലയോലപ്പറമ്പ്, കല്ലിൽ ഭഗവതി ക്ഷേത്രം, അണ്ണാമല നാഥർക്ഷേത്രം തൊട്ടപ്പുഴ, വരാപ്പുഴ സെന്റ് ജോർജ്ജ് ചർച്ച്, ശക്തൻ തമ്പുരാൻ കൊട്ടാരം, കൈപ്പട്ടൂർ നരസിംഹസ്വാമി ക്ഷേത്രം, അമ്പലപ്പുഴ ബുദ്ധ ഇമേജ്, കൊല്ലം ജില്ലയിലെ ചാത്തന്നൂർ ചേന്ദമത്ത് മഹാദേവക്ഷേത്രം, കുട്ടംപേരൂർ കാർത്ത്യായനി ക്ഷേത്രം മാന്നാർ എന്നിവയുടെ സംരക്ഷണപ്പണികൾ നടത്തുകയുണ്ടായി. |
| (ബി) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ചരിത്ര സ്മാരകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ബി) | കേരള പുരാവസ്തു വകുപ്പിന്റെ കീഴിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ സംരക്ഷിത സ്മാരകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1 ) Monument indicating the first arrival of Vascoda Gama at Kappad.<br>2) Kottakkal Kunjali Marakkar's House<br>3) KunjaliMarakkar Juma Pally, Kottakkal. |

സെക്ഷൻ ഓഫീസർ